കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - വാർഷിക പദ്ധതി 2017-18 - ഐ.എ.വൈ പലിശ തുക വിനിയോഗിച്ച് ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കി വരുന്ന മാരക രോഗം ബാധിച്ചവർ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, എന്നിവർക്കുള്ള പ്രത്യേക ഭവന പദ്ധതിയുടെ യൂണിറ്റ് നിരക്ക് 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.2173/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/08/2018

---

പരാമർശം: 1 ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻ്റിൻ്റെ 24-01-2018-ലെ കത്ത്.

2 18-07-2018-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.5 (i)-(ii) നമ്പർ തീരുമാനം.

<u>ഉത്തരവ്</u>

2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, ഐ.എ.വൈ പദ്ധതിയിൽ മിച്ചം വന്ന പലിശ തുക വിനിയോഗിച്ച് ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് 'മാരക രോഗം ബാധിച്ചവർ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ എന്നിവർക്ക് പ്രത്യേക ഭവന പദ്ധതി' നടപ്പാക്കി വരുന്നുണ്ട്. ലൈഫ് പദ്ധതിയുടെ യൂണിറ്റ് നിരക്ക് 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ടി പ്രത്യേക ഭവനപദ്ധതിയുടെ യൂണിറ്റ് നിരക്ക് കൂടി 4 ലക്ഷം രൂപയായി വർദ്ധിപ്പിച്ച് നൽകണമെന്നും ടി പദ്ധതിയിലേയ്ക്ക് അർഹത നേടുന്നതിന് വരുമാന പരിധി ഒഴിവാക്കി നൽകണമെന്നും പരാമർശം (1)പ്രകാരം ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻ്റ് അപേക്ഷിച്ചിരുന്നു. മാർഗ്ഗ രേഖ പ്രകാരമുള്ള വരുമാന പരിധി(3 ലക്ഷം രൂപ) പാലിക്കണമെന്ന നിബന്ധനയോടെ യൂണിറ്റ് നിരക്ക് 4 ലക്ഷം രൂപയായി വർദ്ധിപ്പിക്കാനും ഐ.എ.വൈ.യുടെ മിച്ചം തുക ഉപയോഗിക്കാനും പരാമർശം (2) പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്.

2.18.07.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം(2) തീരുമാനത്തിൻ്റെ അടിസ്ഥാനത്തിൽ, ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കി വരുന്ന 'മാരക രോഗം ബാധിച്ചവർ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ എന്നിവർക്കുള്ള പ്രത്യേക ഭവന പദ്ധതി'യുടെ യൂണിറ്റ് നിരക്ക് മാർഗ്ഗ രേഖ പ്രകാരമുള്ള വരുമാന പരിധി(3 ലക്ഷം രൂപ) പാലിക്കണമെന്ന നിബന്ധനയോടെ 4 ലക്ഷം രൂപയായി വർദ്ധിപ്പിക്കാനും ഇതിലേയ്ക്കായി ഐ.എ.വൈ.യുടെ മിച്ചം വന്ന തുക ഉപയോഗിക്കാനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോള് എബ്രഹാം**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻ്റ്/സെക്രട്ടറി , ചെങ്ങന്നൂർ ബ്ലോക്ക്

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ വകുപ്പ് (ഡി.എ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2018 08 ?? 11 15 38 IST
Reason: Approved
സെക്ഷൻ ഓഫീസർ